## 567

സ്നേഹച്ചരടുകളാലെന്നെ യേശു ചേർത്തു ബന്ധിച്ചു
തൻ കുരിശോടെന്നെയൊന്നിച്ചു ഞാനെല്ലാം തന്നിലർപ്പിച്ചു

1 തിന്മയേറും വഴികളിൽ ഞാൻ നടന്നകന്നല്ലോ
എൻ കാൽകൾ ഇടറിവീണല്ലോ തേടിവന്നു ജീവൻ തന്നു
കടുത്തല്ലോ എന്നെത്താൻ വീടെടുത്തല്ലോ-

2 പന്നി തിന്നും തവിടുപോലും ഉലകം തന്നില്ല
തുണയ്ക്കായാരും വന്നില്ല ദൈവമല്ലാതിത്രനല്ലോരാരുമേയില്ല
സഹായം നൽകുവോരില്ല-

3 തന്റെ ദിവ്യസന്നിധാനം തരും സമാധാനം
മറ്റെല്ലാം ഭീതിയിൻ സ്ഥാനം അളവുമില്ല അതിരുമില്ല അന്തവുമില്ലാ
സന്തോഷം ക്രിസ്തുവിലു്-

4 ഉലകമേ നീയുർച്ച നൽകിയുപചരിക്കേ
എന്നെ നീ ആകർഷിക്കേ കുരിശെടുത്തെൻ
ഗുരുവിൻ പിമ്പേ പോകണമല്ലാതെനിക്കിന്നാശ വേറില്ല-

5 അവന്നടിമയനുഭവിക്കും സ്വാതന്ത്ര്യംപോലെ
വേറില്ല സ്വാതന്ത്ര്യമേതും അന്ത്യശ്വാസം പോംവരെത്തൻ
വേലചെയ്യും ഞാൻ തൃപ്പാദസേവ ചെയ്യും ഞാൻ- **M.E.C.**